
നമ്മുടെ പഠനം

3




വനങ്ങളും ഭൂസംരക്ഷണവും

കേരള ഗവൺമെന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിൽ
നിന്നും പ്രസിദ്ധപ്പെടുത്തുന്നതു്.



ചാലക്കുടി ട്രാംവേ—തടികൾ കൊണ്ടുപോകുന്നതിനു വനമദ്ധ്യത്തിലെ പാത.


കല്ലായി തടി ഡെപ്പോ—ഏഷ്യയിലെ അതിപ്രധാനമായ ഒരു തടിവ്യവസായ കേന്ദ്രമാണിതു്.



നമ്മുടെ പദ്ധതി

സാമാന്യ ജനതയുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി പരമാവധി പരിശ്രമിക്കുകയാണല്ലോ ഏതൊരു ഗവണ്മെന്റിന്റെയും കർത്തവ്യം. സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ പരിപാടികൾ ആസൂത്രണംചെയ്ത നടപ്പിൽ വരുത്തുകയാണ് അതിലേയ്ക്കുള്ള മാർഗ്ഗം. ആ മഹത്തായ സംരംഭത്തിലാണ് നാം ഇന്ന് ഏർപ്പെട്ടിരിക്കുന്നത്. അതാണ് പഞ്ചവത്സരപദ്ധതി. ഒരു സംഗതി നാം പ്രത്യേകം ഓർമ്മിക്കണം. ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളേയും എല്ലാ വശങ്ങളിലുംകൂടി നേരിടുന്നതിനുള്ള സമ്പൂർണ്ണവും അവസാനത്തേതുമായ ഉദ്യമമല്ല ഇത്. പദ്ധതിയിൽ ഇതുവരെ ഉൾപ്പെടാത്തതും വികസനപരമായ പ്രവർത്തനങ്ങൾ ആവശ്യമായിട്ടുള്ളതുമായ പല കാര്യങ്ങളും ഇനിയും ശ്രദ്ധിക്കുന്നുണ്ടാകാം. പക്ഷെ ധനപരമായ നമ്മുടെ പരിമിതികൾകൂടി നാം കണക്കിലെടുക്കണം. പരമാവധി കഴിവനുസരിച്ചുള്ള പരമാവധി യത്നം — അതുമാത്രമേ സാദ്ധ്യമാകൂ. ഏതായാലും ഇത് ജനങ്ങളുടെ പദ്ധതിയാണ്. ഇതിന്റെ വിജയം ജനങ്ങളുടെ പരിപൂർണ്ണമായ സഹകരണത്തെ ആശ്രയിച്ചിരിക്കുന്നു. നാം ഇപ്പോൾ രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ഘട്ടത്തിലാണ്. പദ്ധതിയിൽ എന്തെല്ലാം പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു എല്ലാവരും വ്യക്തമായി അറിഞ്ഞിരിക്കേണ്ടതു തികച്ചും ആവശ്യമാണല്ലോ. ഓരോ മേഖലയിലും ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുള്ളവയും, ഇപ്പോൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നവയും, ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയുമായ പരിപാടികളെപ്പറ്റി പൊതുജനങ്ങൾക്കു സാമാന്യമായ അറിവു നൽകണമെന്ന ഉദ്ദേശ്യത്തോടുകൂടി പുറപ്പെടുവിക്കുന്ന ലഘുലേഖാപരമ്പരയിൽ മൂന്നാമത്തേതാണിതു്.

നമ്മുടെ പഞ്ചവത്സര പദ്ധതികൾ



	ഒന്നാം പദ്ധതി (ലക്ഷം രൂപാ)	രണ്ടാം പദ്ധതി (ലക്ഷം രൂപാ)
1. കൃഷിയും സാമൂഹ്യസേവനവും	570	1582
2. ജലസേചനവും വിദ്യുച്ഛക്തിയും	1763	3209
3. വ്യവസായങ്ങൾ	112	684
4. ട്രാൻസ്പോർട്ടും ഗതാഗതവും	258	557
5. സാമൂഹ്യസേവനങ്ങൾ	300	2381
6. പലവക	...	287
	3003	8700

വനങ്ങളും ഭൂസംരക്ഷണവും

"സസ്യശ്യാമളമായ കേരളം" എന്നാണ് നമ്മുടെ നാടിനെ വിശേഷിപ്പിക്കാറുള്ളത്. കേരളത്തെപ്പറ്റി പറയുമ്പോൾ നമ്മുടെ "മലകളും പുഴകളും പലതരം തരുക്കളും" ആണല്ലോ ആദ്യമായി ഓർമ്മയിൽ വരുന്നത്. മലകളിൽനിന്നു ഒത്തിരമ്പി വരുന്ന പുഴകളെമെരുക്കി ഭക്ഷ്യോൽപ്പാദനത്തിനും സുഖസമൃദ്ധമായ ജീവിതത്തിനും വേണ്ടി വിനിയോഗിക്കുന്നതിനെപ്പറ്റി ഈ പരമ്പരയിൽ പെട്ട രണ്ടാമത്തെ ലഘുലേഖയിൽ പ്രസ്താവിച്ചിട്ടുണ്ട്. മലകളും പുഴകളും കൊണ്ടു ആവിധത്തിൽ മാത്രമല്ല പ്രകൃതി നമ്മെ അനുഗ്രഹിച്ചിട്ടുള്ളത്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ അദ്വിതീയമായ സ്ഥാനമാണ് വനങ്ങൾക്കുള്ളത്. ഫലങ്ങൾ, തടി, വിറക്, ഔഷധങ്ങൾ, വിദേശീയ നാണ്യം സമ്പാദിച്ചുതരുന്ന സുപ്രസിദ്ധമായ മലഞ്ചരക്കുകൾ എന്നിവ പ്രദാനം ചെയ്യുന്ന നാട്ടിന്റെ ഐശ്വര്യത്തിനു നിദാനമായി തീർന്നിട്ടുള്ള വനങ്ങളുടെ പ്രാധാന്യത്തെപ്പറ്റി പ്രത്യേകം പറയേണ്ട ആവശ്യമില്ല. നമ്മുടെ പുരോഗതിക്കു വേണ്ടി പ്രകൃതി മുടക്കിയിട്ടുള്ള മൂലധനമാണ് നമ്മുടെ വനങ്ങൾ. എന്നാൽ വനവിഭവങ്ങളെ ശാസ്ത്രീയാടിസ്ഥാനത്തിൽ ചൂഷണം ചെയ്യുകയും ആ 'മൂലധനം' പൊതുനന്മയ്ക്കായി സംരക്ഷിക്കുകയും ചെയ്യുന്ന കാര്യത്തിൽ ഈ അടുത്ത കാലം വരെ കാര്യമായ യാതൊരു പരിപാടികളും നടപ്പിൽ വരുത്തിയിരുന്നില്ല.

സംസ്ഥാനത്തെ വനങ്ങളിൽ നിന്നുള്ള മുതലെടുപ്പു വളരെ ഗണനീയമാണ്. ശരാശരി ഏക്കറിനു 10 രൂപയാണ് വനങ്ങളിൽ നിന്നുമുള്ള നമ്മുടെ മുതലെടുപ്പ്. ഇൻഡ്യയെ പൊതുവേ സംബന്ധിച്ചിടത്തോളം വനങ്ങളിൽ നിന്നുള്ള മുതലെടുപ്പ് ഏക്കറൊന്നിനു ശരാശരി 3 രൂപാ മാത്രമാണ്. വിദേശ നാണ്യങ്ങൾ നേടുന്ന വനവിഭവങ്ങൾക്കു പുറമേ ലോകത്തിലെ ഏറ്റവും വലിയ തടിശാലകളിൽ രണ്ടാമത്തെതായ

കല്പായി ടിംബർ യാർഡു നമ്മുടെ വനങ്ങൾക്കു പ്രശസ്തി സമാർജ്ജിച്ചു തന്നിട്ടുണ്ട്.

എന്നാൽ ഭക്ഷ്യസംവർദ്ധകപരിപാടിയനുസരിച്ചു കഴിഞ്ഞ കാലത്തു വന്പിച്ച തോതിൽ വനങ്ങൾ വെട്ടിത്തെളിക്കുകയും, ഭൂമിയില്ലാത്തവർക്കു വേണ്ടി വനഭൂമികൾ പതിച്ചുകൊടുക്കുകയും, പലരും അനധികൃതമായി വനങ്ങൾ കൈയേറുകയും ചെയ്തതിന്റെ ഫലമായി വനങ്ങൾക്കു ഗണ്യമായ ക്ഷയം സംഭവിച്ചു. വനം തെളിപ്പു ശാസ്ത്രീയാടിസ്ഥാനത്തിലല്ലാതെ ധൃതഗതിയിലാണു നടത്തപ്പെട്ടതു്. അതിന്റെ ഫലമോ? തെളിക്കപ്പെട്ട പ്രദേശങ്ങളിൽക്കൂടി ഒഴുകുന്ന നദികളിൽ മണ്ണിറങ്ങുകയാൽ പല നദികളിലെയും ഗതാഗതത്തിനു വിഘാതമുണ്ടായി. മണ്ണൊലിപ്പുമൂലം മണ്ണിന്റെ ഫലഭ്രയിഷ്ഠതയ്ക്കു കുറവു സംഭവിച്ചു. ചില പ്രദേശങ്ങളിൽ വനം തെളിച്ചതു ജലസേചനത്തിനും വിദ്യുച്ഛക്തി ഉൽപ്പാദനത്തിനും ഉള്ള അണകളുടെ ജലസഞ്ചയനപ്രദേശങ്ങൾക്കു ഹാനിയുണ്ടാക്കി.

മേൽ പറഞ്ഞ കാരണങ്ങൾക്കു പുറമെ പുതിയ പദ്ധതികളുടെ നിർമ്മാണം ഒട്ടു വളരെ പ്രദേശത്തെ വനങ്ങൾ തെളിക്കുന്നതിനും ഇടയാക്കിയിട്ടുണ്ടു്. അതിനാൽ വനസംരക്ഷണപ്രവർത്തനങ്ങൾ ഏറ്റവും അത്യാവശ്യമായ ഒരു പ്രശ്നമായിത്തീർന്നു. വനച്ഛേദനത്തിനു പരിഹാരമായി പ്രതിവർഷം കുറെ സ്ഥലത്തു പുതുതായി വനം വളർത്തുന്ന പരിപാടി നടപ്പിലിരുന്നു. എന്നാൽ കാലക്രമേണ ആ പ്രവർത്തനങ്ങൾ തീരെ അപര്യാപ്തമായി തീരുകയാണുണ്ടായതു്. നമുക്കു പ്രധാനമായും തേക്കു പിടിപ്പിച്ചിട്ടുള്ള 80,000 ഏക്കർ വനം തോട്ടമുണ്ടു്. എന്നാൽ ഇതു് മേൽ പറഞ്ഞ വനം തെളിക്കലിന്റെ നഷ്ടപരിഹാരത്തിനു മതിയാകുന്നില്ല.

രണ്ടാം പഞ്ചവത്സരപദ്ധതിയിലെ പരിപാടികൾ

ഒന്നാം പദ്ധതിയിൽ വനം വികസനത്തിനായുള്ള പരിപാടികളൊന്നും ഉൾപ്പെടുത്തിയിരുന്നില്ല. രണ്ടാം പഞ്ച

വത്സരപദ്ധതിയിൽ മൊത്തം 128·24 ലക്ഷം രൂപാ ചെല വുള്ള പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

മലബാർ പ്രദേശത്തെ സ്വകാര്യവനങ്ങൾ ഗവർമ്മെ ന്റിലേയ്ക്കെടുക്കുന്നതിനുള്ളതാണ് ഏറ്റവും ചെലവു കൂടിയ പദ്ധതി. അതിലേക്കായി 40·95 ലക്ഷം രൂപാ നീക്കിവച്ചി ട്ടുണ്ട്. കാട്ടുതേങ്ങാക്കൃഷി വികസനം, പരിശീലനവും ഗവേ ഷണവും, ഫാറസ്റ്റ് എഞ്ചിനീയറിംഗ് ഡിവിഷൻ സ്ഥാപി ക്കുക, റോഡുകൾ നിർമ്മിക്കുക, വനം വളർത്തുക, വന്യമൃഗസം രക്ഷണകേന്ദ്രം അഭിവൃദ്ധിപ്പെടുത്തുക മുതലായവയാണ് പദ്ധ തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനപരിപാടികൾ.

പരിശീലനം

പദ്ധതിയിൽ ഉൾപ്പെട്ട പരിപാടികൾ നടപ്പിൽ വരു ത്തുന്നതിനു നിയോഗിക്കപ്പെടുന്ന കൂടുതൽ സ്റ്റാഫിനു പരിശീ ലനം നൽകുന്നതിനും ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥ ന്മാർക്കു റിഫ്രഷർ കോഴ്സും പ്രത്യേകമായ പരിശീലനവും നൽകുന്നതിനുംവേണ്ടി 2·84 ലക്ഷം രൂപായുടെ ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

ഫാറസ്റ്റ് എഞ്ചിനീയറിംഗ്

വനങ്ങളിലെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയുള്ള വികസന പ്രവർത്ത നങ്ങൾക്കായി ഒരു പ്രത്യേക ഫാറസ്റ്റ് എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിക്കുന്നതിനു നാല ലക്ഷം രൂപാ പദ്ധതി യിൽ വകയിരുത്തിയിട്ടുണ്ട്.

റോഡുകളും കെട്ടിടങ്ങളും

ഇപ്പോൾ കടക്കാൻ പ്രയാസമായി കരുതപ്പെട്ടിരിക്കുന്ന വനാന്തരങ്ങളിൽ കടന്നു ചെല്ലുന്നതിനും അവിടത്തെ വിഭവ ങ്ങൾ ശരിയായി ചൂഷണം ചെയ്യുന്നതിനുംവേണ്ടി റോഡുകൾ നിർമ്മിക്കുക അത്യാവശ്യമാണ്. വനത്തിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കണമെങ്കിൽ വനം വകുപ്പുദ്യോഗസ്ഥ ന്മാർക്കു അത്താഴ സ്ഥലങ്ങളിൽ നിരപായം താവളമുറപ്പിക്കുന്ന

തിനു സൗകര്യം വേണം. വനം വകുപ്പുദ്യോഗസ്ഥന്മാർക്കു താമസിക്കുന്നതിനും പ്രവർത്തനങ്ങൾക്കായി താവളമുറപ്പിക്കുന്നതിനും വേണ്ട കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. 16 റോഡുകളും 217 കെട്ടിടങ്ങളും നിർമ്മിക്കുന്നതിനുവേണ്ടി പഞ്ചവത്സരപദ്ധതിയിൽ 18 ലക്ഷം രൂപാ ഉൾപ്പെടുത്തിയിരിക്കുകയാണു്.

ഗവേഷണവും മ്യൂസിയവും

നമ്മുടെ വനങ്ങളിലെ വൈവിധ്യം വിഭവങ്ങൾ ഇനിയും ശാസ്ത്രീയാടിസ്ഥാനത്തിൽ ചൂഷണം ചെയ്യപ്പെട്ടിട്ടില്ല. എണ്ണക്കുരുക്കൾ, ഉറവയ്ക്കിടുന്നതിനും ചായം മുക്കുന്നതിനും വേണ്ട സാധനങ്ങൾ, ഔഷധച്ചെടികൾ, മുതലായ വിലയേറിയ പല ഉല്പന്നങ്ങളും ഇനിയും ചൂഷണം ചെയ്യാതെ ശേഷിക്കുന്നുണ്ടെന്നാണു കരുതപ്പെടുന്നതു്. ഇവ പലതരം വ്യവസായങ്ങൾക്കും പ്രയോജനപ്പെടും. ഈ ഉല്പന്നങ്ങളുടെ ലഭ്യത, ഗുണങ്ങൾ എന്നിവ സംബന്ധിച്ചു അതാതു സ്ഥലങ്ങളിൽവച്ചു പരീക്ഷണങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.

നിലവിലുള്ള മ്യൂസിയം പരിഷ്കരിക്കാനും ഉദ്ദേശിക്കുന്നു. അവിടെ എല്ലാത്തരം വന ഉല്പന്നങ്ങളും ശേഖരിച്ചു വയ്ക്കുന്നതിനു പുറമെ ഒരു ലൈബ്രറിയും ഗവേഷണ കേന്ദ്രവും സ്ഥാപിക്കുന്നതാണു്. മലയാറ്റൂരെ സിൽവികൾച്ചർ ഡിവിഷന്റെ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതാണു്. വനവിഭവങ്ങളെ സംബന്ധിച്ചു ക്രമബദ്ധമായ പഠനം നടത്തുന്നതിനും സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്ന പ്രവർത്തനം വികസിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടു്. ഒരു സിൽവികൾച്ചറൽ യൂണിറ്റു സ്ഥാപിച്ചു ഇതു സംബന്ധിച്ചു പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടു്. മേൽപറഞ്ഞ പ്രവർത്തനങ്ങൾക്കായി 2·85 ലക്ഷം രൂപാ ചെലവുള്ള ഒരു പദ്ധതിയാണു് അംഗീകരിച്ചിട്ടുള്ളതു്.

നാഷണൽ പാർക്കുകൾ

ഇപ്പോഴത്തെ ഗെയിം ഡിപ്പാർട്ടുമെന്റു് കോട്ടയം ഫാറസ്റ്റു് ഡിവിഷന്റെ ഒരു ഭാഗമായി പ്രവർത്തനം നടത്തുകയാ

ണ്ട്. കോട്ടയം ഡിവിഷണൽ ഫോറസ്റ്റാഫീസറാണ് ഗെയിം വാർഡൻ. അഖിലേൻഡ്യാ വന്യമൃഗസംരക്ഷണ ബോർഡ് രൂപവൽക്കരിച്ചിട്ടുള്ള നയപരിപാടികൾക്കനുസരണമായി വന്യമൃഗസംരക്ഷണ പ്രവർത്തനങ്ങൾ പുരോഗമിപ്പിക്കാൻ ഉദ്ദേശിക്കുന്നു. പെരിയാറിലെ വന്യമൃഗസംരക്ഷണ കേന്ദ്രം ഒരു നാഷണൽ പാർക്കായി രൂപാന്തരപ്പെടുത്തുന്നതാണ്. പീച്ചി റിസർവായർ പ്രദേശത്തും ഒരു നാഷണൽ പാർക്ക് സ്ഥാപിക്കുന്നതിനു ഉദ്ദേശിക്കുന്നു. നെയ്യാർ തടം, വാഴാനി, മലമ്പുഴ എന്നിവിടങ്ങളിലും അതുപോലെ ഓരോ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

വനം വകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക വന്യമൃഗ സംരക്ഷണ ശാഖ ആരംഭിക്കുന്നതാണ്. എല്ലാ വന്യമൃഗസംര ക്ഷണ കേന്ദ്രങ്ങളിലും ഇടത്തരക്കാർക്കുള്ള ഹോട്ടലുകൾ സ്ഥാപി ക്കുന്നതിനു ഉദ്ദേശിക്കുന്നു. സാധാരണക്കാർക്കും താമസസൗക ര്യമുണ്ടാക്കണമെന്നാണ് ഗവർമ്മെൻറിന്റെ ഉദ്ദേശം.

ഇതിലേക്കായി അഞ്ചു ലക്ഷം രൂപാ ചെലവുള്ള പരി പാടികളാണ് അംഗീകരിച്ചിട്ടുള്ളത്.

വനം വളർത്തൽ (ഔപെലട്ട് പലന്തി)

വിസ്തൃതങ്ങളായ പുൽമേട്ടുകൾ സമുദ്രനിരപ്പിൽനിന്നും രണ്ടായിരം അടിയിലും നാലായിരം അടിയിലും മദ്ധ്യേ ഉയരമുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്നു. ഇപ്രകാരം ഏകദേശം 100 ചതുരശ്രമൈൽ ഉണ്ടെന്നാണ് കണക്കാക്കുന്നത്. ഈ പ്രദേ ശങ്ങളിൽ ശാസ്ത്രീയമായ അടിസ്ഥാനത്തിൽ അതാത് സ്ഥല ത്തേക്കു പറ്റിയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുവാൻ കഴിയുമോ എന്നു പരീക്ഷിക്കുന്നതാണ്. പുല്ലുകൾ നീക്കിയിട്ട് ആദ്യം വലിയ ഇലകളുള്ള ചെടികളും പിന്നീട് വൃക്ഷങ്ങളും വച്ചു പിടിപ്പിക്കുന്നതിനാണുദ്ദേശിക്കുന്നത്. ശക്തിയായ കാറ്റ്, വേനൽക്കാലത്തുണ്ടാകുന്ന ഉണക്ക്, തുടർന്നുള്ള ഭയങ്കരമായ തീപിടി ത്തം ഇവയാണ് പുൽമേട്ടുകളെ സംബന്ധിച്ചു അഭിമുഖീകരി ക്കേണ്ടുന്ന പ്രശ്നങ്ങൾ. അതിനാൽ പുല്ലുകൾ നീക്കുന്നതോടൊപ്പം

കാറ്റിനെ തടയത്തക്ക വൃക്ഷനിരകൾ പിടിപ്പിക്കുന്നതിനും തീപിടിത്തം തടയുന്നതിനുംനടപടികൾ എടുക്കേണ്ടതുണ്ട്. ഭൂമി തട്ടതിരിച്ചും കിടങ്ങുകൾ കുഴിച്ചും ശരിപ്പെടുത്തുന്നതാണ്. രണ്ടാം പഞ്ചവത്സരപദ്ധതി ഇടുക്കിയിൽ കോട്ടയം ഡിസ്ട്രിക്ടിലെ മൗണ്ട് പ്ലേറോ, വണ്ടൻമേട് എന്നിവിടങ്ങളിലായി 2,500 ഏക്കർ പ്രദേശത്തു ഈ പദ്ധതി നടപ്പിൽ വരുത്തുവാനാണുദ്ദേശിക്കുന്നത്. പദ്ധതിയുടെ ചെലവിനായി നാലു ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്.

തേക്ക് നടീൽ

തേക്കും വാണിജ്യപ്രാധാന്യമുള്ള മറ്റു തടികളും പിടിപ്പിക്കുന്ന 80,000 ഏക്കർ തോട്ടങ്ങളാണു നമുക്കു ഇപ്പോഴുള്ളത്. ഈ മാതിരി വൃക്ഷങ്ങൾ 2,000 ഏക്കർ സ്ഥലത്തു കൂടി പിടിപ്പിക്കുന്നതിനു 1·36 ലക്ഷം രൂപയും പിടിപ്പിച്ചു കൊണ്ടിരിക്കുന്നവയ്ക്കായി 12,000 രൂപയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മരം വെട്ടും അറുപ്പും പരിഷ്കാരം

മരംവെട്ടുന്നതും അറുക്കുന്നതും വനത്തിൽനിന്നും നീക്കം ചെയ്യുന്നതും സംബന്ധിച്ച സമ്പ്രദായങ്ങൾ പരിഷ്കരിക്കുന്നതിനു ഉദ്ദേശിക്കുന്നു. അതിനുവേണ്ടി കുറുക്കെ മുറിക്കുന്ന വാൾ, ചെറുതരം ബുൾഡോസർ, മെക്കാനിക്കൽ സ്കിഡ്ഡർ എന്നിവ വാങ്ങുന്നതാണ്. ഇതുവരെ പ്രവർത്തനം നടത്താത്ത സ്ഥലങ്ങളിൽ നിന്നു താരതമ്യേന കുറഞ്ഞ ചെലവിൽ തടി മുറിച്ചു സംഭരിക്കുകയാണു ഉദ്ദേശ്യം അതിനാൽ പുതിയ ഉപകരണങ്ങൾ കൊണ്ടു പ്രവർത്തനം നടത്തുന്നതു ഇതുവരെ കടന്നിട്ടില്ലാത്ത സ്ഥലങ്ങളിലായിരിക്കും. കുറുക്കെ മുറിക്കുന്നതിനുള്ള അറുപ്പുവാൾ എല്ലാ പ്രദേശങ്ങളിലും ഉപയോഗപ്പെടുത്തുന്നതാണ്.

സാഫ്റ്റ് വുഡ്

ഭക്ഷ്യാൽപ്പാദനത്തിനായി ഉപയോഗിച്ചിരുന്ന പല പ്രദേശങ്ങളും വനങ്ങൾക്കായി വീണ്ടെടുത്തിട്ടുണ്ട്. ഈ സ്ഥല

ങ്ങളുടെ കായ്ത്തിൽ വനംവകുപ്പു പ്രത്യേകമായ ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നത്. യാതൊരു വീണ്ടുവിചാരവും കൂടാതെ വനപ്രദേശം തെളിക്കുകയും അശാസ്ത്രീയമായി കൃഷി നടത്തുകയും ചെയ്തതുമൂലം മണ്ണിന്റെ ഫലഭ്രയിഷ്ടതയ്ക്കു ഹാനി സംഭവിച്ചിട്ടുണ്ട്. വീണ്ടും അവിടെ വനം വളർത്തുവാൻ പ്രയാസമാണ്. ഇതുവരെ തെളിക്കുന്ന വനങ്ങളിൽ തേക്കും അതുപോലെയുള്ള ചില വിലയേറിയ മറ്റു വൃക്ഷങ്ങളുമാണു വച്ചുപിടിപ്പിക്കാറുള്ളതു്. എന്നാൽ പ്ലൈവുഡ് വ്യവസായം, തീപ്പെട്ടി വ്യവസായം എന്നിവയുടെ വളർച്ചയോടുകൂടി അവയ്ക്കു പറ്റിയ പാഴ്മരങ്ങളുടെ ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. അതിനാൽ മേൽ പറഞ്ഞതുപോലെയുള്ള സ്ഥലങ്ങളിലും മറ്റുമായി ഏകദേശം 6,000 ഏക്കറോളം ഭൂമിയിൽ അപ്രകാരമുള്ള വൃക്ഷങ്ങളും മറ്റും വച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഏഴു ലക്ഷം രൂപാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തീപ്പെട്ടിവ്യവസായത്തിനു വേണ്ട തടികൾക്കു ഇപ്പോൾ ദുർഭിക്ഷത നേരിട്ടിരിക്കുന്നതിനാൽ പാലക്കാട്ടും കോഴിക്കോട്ടും ഡിസ്ട്രിക്ടുകളിലായി 3500 ഏക്കർ സ്ഥലത്തു തീപ്പെട്ടിത്തടിയ്ക്കു വേണ്ട തോട്ടങ്ങൾ ഉണ്ടാക്കുന്നതിനു 3 ലക്ഷം രൂപാ ചെലവുള്ള വേറൊരു പരിപാടിയും അംഗീകരിച്ചിട്ടുണ്ട്. അങ്ങനെ മൊത്തം 10 ലക്ഷം രൂപയാണു സാഫ്റ്റ് വുഡ് ഉല്പാദനത്തിനു നീക്കിവച്ചിട്ടുള്ളതു്.

കശുഅണ്ടികൃഷി വികസനം

കേരളത്തിനു വിദേശനാണ്യം സമ്പാദിച്ചു തരുന്നതും വളരെയേറെ തൊഴിലാളികൾക്കു ജോലി നൽകുന്നതുമായ ഒരു തൊഴിലാണല്ലൊ കശുഅണ്ടി വ്യവസായം. ഈ വ്യവസായത്തെ നിലനിറുത്തുന്നതു ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയാണു്. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയെ ആശ്രയിക്കേണ്ടതായി വരുന്നതുമൂലം സംസ്ഥാനത്തെ കശുഅണ്ടി വ്യവസായത്തിൽ പലപ്പോഴും സ്തംഭനം നേരിടാറുണ്ട്. ഈ ദുസ്ഥി

തിയെ നേരിടുന്നതിനു സംസ്ഥാനത്തെ കശുഅണ്ടികൃഷി വികസിപ്പിക്കുകയാണു ഏകമാർഗ്ഗം. കൃഷിവകുപ്പിന്റെ കീഴിൽ കശുഅണ്ടികൃഷി വികസനത്തിനായി അംഗീകരിച്ചിട്ടുള്ള പദ്ധതിയെപ്പറ്റി ഈ പരമ്പരയിൽപെട്ട ഒന്നാമത്തെ ലഘുലേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിനും പുറമെ 15000 ഏക്കർ വനഭൂമിയിൽ കശുമാവു വച്ചു പിടിപ്പിക്കുന്നതിനായി 25 ലക്ഷം രൂപാ ചെലവുള്ള ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്. മറ്റു വനവൃക്ഷങ്ങൾ പിടിപ്പിക്കുന്നതിനു പറ്റാത്ത സ്ഥലങ്ങളായിരിക്കും കശുമാവു കൃഷിക്കു തെരഞ്ഞെടുക്കുന്നതു്. ഇതു മിക്കവാറും തൃശ്ശൂർ ഡിസ്ട്രിക്ടിലാണു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതു്. അവിടെ തൃശ്ശൂർ–ഷൊർണ്ണൂർ റെയിൽവെയുടെ ഇരുവശങ്ങളിലായി തരിശായി കിടക്കുന്ന റിസർവ് വനപ്രദേശങ്ങൾ ധാരാളമുണ്ട്. വരവൂർ, കടങ്ങോട്ട, കല്ലമ്പാറ, തിരുർ, കിള്ളന്നൂർ, പൂല്ലാങ്കുണ്ടം എന്നിവിടങ്ങളിലാണു ഈ മാതിരി പ്രദേശങ്ങളുള്ളതു്. അതുപോലെ മലയാറ്റൂർ ഡിവിഷനിൽ മുമ്പു തെളിച്ചെടുത്തിട്ടുള്ള പ്രദേശങ്ങൾ തരിശായി കിടപ്പുണ്ടു്. അവിടെ വനവൃക്ഷങ്ങൾ പിടിപ്പിക്കുന്നതിനുള്ള കഴിഞ്ഞ കാലത്തെ ശ്രമം പരാജയപ്പെട്ടു. കശുമാവിനെപ്പോലെയുള്ള വൃക്ഷങ്ങൾ മാത്രമെ അപ്രകാരമുള്ള സ്ഥലങ്ങളിൽ പിടിക്കുകയുള്ളൂ.

കശുഅണ്ടികൃഷിക്കു ധനസഹായം നൽകുന്ന മറ്റൊരു പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ചു സ്വകാര്യഭൂമികളിൽ കശുമാവുകൃഷി വികസിപ്പിക്കുന്നതിനു ധനസഹായം നൽകുന്നതും റവന്യൂവകുപ്പിന്റെ കീഴിലുള്ള ഭൂമി കൃഷിക്കായി പാട്ടത്തിനു കൊടുക്കുന്നതുമാണു്. മൂന്നു ഏക്കറിൽ കുറയാത്ത ഭൂമി കശുമാവുകൃഷി വികസനത്തിനായി നീക്കിവയ്ക്കുന്ന കർഷകർക്കു ഏക്കറിനു 150 രൂപാ നിരക്കിൽ വായ്പ നൽകപ്പെടും. ആദ്യത്തെ അഞ്ചു വർഷക്കാലത്തേയ്ക്കു പലിശ ഈടാക്കുന്നതല്ല. അതിനുശേഷം പലിശ സാധാരണ നിരക്കിൽ നൽകണം. ഗവർമ്മെൻറു പണം നൽകിക്കഴിഞ്ഞു

പത്തു വാർഷികതവണകളിലായി പണം തിരിച്ചടയ്ക്കണം. ഗവർമ്മെൻറു ഭ്രമികളും ലഭ്യമാകുന്നിടത്തു മൂന്നേക്കറിൽ കുറയാത്ത ബ്ലോക്കുകളായി പാട്ടത്തിനു നൽകും 20 കൊല്ലത്തേക്കായിരിക്കും പാട്ടം. ഈ ഭ്രമികളിലെ കൃഷിക്കും മേൽ പറഞ്ഞ രീതിയിൽ വായ്പകളും അനുവദിക്കും.

ഈ പദ്ധതിയനുസരിച്ചു മൊത്തം 80,000 ഏക്കർ സ്ഥലങ്ങളിൽ കശുമാവുകൃഷി വികസിപ്പിക്കണമെന്നാണു ഉദ്ദേശിക്കുന്നതു്. അതിൽ 2,000 ഏക്കർ ഗവർമ്മെൻറു ഭ്രമിയായിരിക്കും. ഡിസ്ട്രിക്ടു് അടിസ്ഥാനത്തിൽ തിരുവനന്തപുരം 808 ഏക്കർ, കൊല്ലം 889 ഏക്കർ, കോട്ടയം 1,050 ഏക്കർ, ആലപ്പുഴ 888 ഏക്കർ, തൃശ്ശൂർ 1,535 ഏക്കർ, പാലക്കാടു് 889 ഏക്കർ, കോഴിക്കോടു് 1,212 ഏക്കർ, കണ്ണൂർ 808 ഏക്കർ എന്നിങ്ങനെയാണു താല്ക്കാലികമായി നിശ്ചയിച്ചിട്ടുള്ളതു്.

ഈ പരിപാടിയ്ക്കു 12.12 ലക്ഷം രൂപാ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മണ്ണൊലിപ്പുനിവാരണം


ഭ്രമിയുടെ കിടപ്പിൻെറ ഫലമായുണ്ടാകുന്ന മണ്ണൊലിപ്പു മൂലമുള്ള കെടുതികൾക്കു കേരളം എന്നും വിധേയമാണു്. എന്നാൽ ആ പ്രശ്നം ഈ അടുത്തകാലംവരെ ശാസ്ത്രീയമായ അടിസ്ഥാനത്തിൽ കൈകാര്യം ചെയ്തിരുന്നില്ല. യുദ്ധകാലത്തും യുദ്ധാനന്തരകാലത്തും വനഭ്രമികളും തരിശുഭ്രമികളും കൃഷിക്കു വിധേയമാക്കപ്പെട്ടു. എന്നാൽ മണ്ണൊലിപ്പു തടയുന്ന കാര്യത്തിൽ കർഷകർ ശ്രദ്ധിച്ചില്ല. അതിൻെറ ഫലമായി ഗതാഗതയോഗ്യമായിരുന്ന നദികളിൽ മണ്ണിറങ്ങി മാർഗ്ഗതടസ്സമുണ്ടാക്കുന്നതിനും കുന്നിൻ ചരിവുകളിലെ ഉപരിതലത്തിലുള്ള മണ്ണിൻെറ ഫലഭ്രയിഷ്ഠത നശിക്കുന്നതിനും ഇടയായി. ക്രമേണ ഭ്രമിയുടെ കിടപ്പു കടലോരപ്രദേശമൊഴിച്ചാൽ പൊതുവേ ചരിഞ്ഞായതുകൊണ്ടു് മഴപെയ്യുന്നതു

മൂലവും മണ്ണൊലിപ്പുണ്ടായി കാലക്രമേണ മണ്ണിന്റെ ഗുണം നശിക്കാൻ ഇടവരുന്നുണ്ട്. അതിനാൽ ഈ അപടത്തെ ശാസ്ത്രീയമായരീതിയിൽ തടയേണ്ടതു ആവശ്യമായി വന്നു.

1955-ൽ ഒരു മണ്ണൊലിപ്പുനിവാരണ പദ്ധതി തിരുവിതാംകൂർ-കൊച്ചിപ്രദേശത്തുനടപ്പിൽവരുത്തി. ഇൻഡ്യയിലും ഇതര രാജ്യങ്ങളിലും അംഗീകരിച്ചിട്ടുള്ള ഭൂസംരക്ഷണ നടപടികളുടെ തത്വങ്ങൾ അത്യാവശ്യമായ ഭേദഗതികളോടുകൂടി അംഗീകരിച്ചു നടപ്പിൽ വരുത്തുകയാണുണ്ടായത്. വനഭൂമികളെ സംബന്ധിച്ചിടത്തോളം ഇരുപതുശതമാനത്തിനുമുകളിലുള്ള ചരിവുകൾ റിസർവ് വനങ്ങളിലേക്കു വിട്ടുകൊടുക്കുക, വനങ്ങൾക്കു തൊട്ടുകിടക്കുന്നതും കൃഷിക്കു പറ്റുമോ എന്ന കാര്യത്തിൽ സംശയമുള്ളതുമായ (സ്ഥലങ്ങൾ ദീർഘകാലമായി കൃഷിചെയ്യപ്പെട്ടുന്നവ ഒഴിച്ചു) വനങ്ങളിലേക്കു വിട്ടുകൊടുക്കുക, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്തിനിടയ്ക്കുള്ളതുണ്ടുകളായ റിസർവ് വനപ്രദേശം റിസർവ് പ്രദേശമല്ലാതാക്കുക മുതലായ തത്വങ്ങളും അംഗീകരിക്കപ്പെട്ടു.

രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു 20,000 ഏക്കർ ഭൂമിയിൽ ഭൂസംരക്ഷണ നടപടികൾ നടത്തുന്നതിനുള്ള പരിപാടിയാണു ഉൾപ്പെടുത്തിയിട്ടുള്ളതു്. സംസ്ഥാനത്തെ മണ്ണൊലിപ്പുനിവാരണ പ്രശ്നത്തിന്റെ പ്രത്യേകതകളെപ്പറ്റി പഠിക്കുന്നതിനും അവയ്ക്കു തക്കതായ നിവാരണ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനുംവേണ്ടി ഒരു ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. കൃഷിക്കാർക്കു മണ്ണൊലിപ്പുനിവാരണ മാർഗ്ഗങ്ങളെ സംബന്ധിച്ചുവേണ്ട പരിചയം നൽകുന്നതിനായി പല സ്ഥലങ്ങളും തെരഞ്ഞെടുത്തു മാതൃകാ പ്രവർത്തനങ്ങളും നടത്തുന്നതാണു്.


മണ്ണൊലിപ്പുനിവാരണ നടപടികൾക്കായി മൊത്തം 25·50 ലക്ഷം രൂപാ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കൊള്ളിച്ചിരിക്കുന്നു.



പൊന്മുടി

നിലമ്പൂരിൽ വനങ്ങൾ വെട്ടിത്തെളിച്ചു കൃഷിയിറക്കിയ സ്ഥലം





[തിരുവനന്തപുരം മ്യൂസിയവും ഉദ്യാനവും